**A**

# സമഗ്ര ശിക്ഷ, കേരളം

**902**

## വാർഷിക മൂല്യനിർണയം-2019

## കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**

**(4x1=4)**

1. 'ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ, യെന്നാലിനിയും തീർന്നില്ലല്ലോ!'

ഇനിയും തീർന്നില്ലല്ലോ എന്നു കവി പറയുന്നതെന്തുകൊണ്ട്?

- സൗന്ദര്യം ആസ്വദിച്ചു മടുത്തതുകൊണ്ട്
- ആസ്വദിക്കാൻ തക്ക സൗന്ദര്യം ഇല്ലാത്തതുകൊണ്ട്
- എത്രമേൽ ശ്രമിച്ചിട്ടും ആസ്വദിക്കാൻ കഴിയാത്തതുകൊണ്ട്
- പ്രകൃതിസൗന്ദര്യം അനന്തമായതുകൊണ്ട്

2. 'ഇതാ തന്റെ കൈയിലും ഒരു കോടിയുടുപ്പായി! അടിച്ചുനനച്ചു കുളിക്കുമ്പോൾ മാറിയുടുക്കാൻ ഒരു വസ്ത്രമെന്നല്ലാതെ'-

കണ്ണമ്മയുടെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?

- സന്തോഷം
- സങ്കടം
- ദേഷ്യം
- പ്രതിഷേധം

3. പിരിച്ചെഴുതിയവയിൽ കൂട്ടത്തിൽ പെടാത്തത് ഏത്?

- വഴി,അരികിൽ - വഴിയരികിൽ
- പന,ഓല - പനയോല
- മഴ,ഉണ്ട് - മഴയുണ്ട്
- അന്ത്യം, ഇൽ - അന്ത്യത്തിൽ

4. 'അറുത്ത കൈക്ക് ഉപ്പ് തേക്കാത്തവൻ' എന്ന ശൈലി ഏറ്റവും യോജിക്കുന്ന കഥാപാത്രം ഏത്?

- ഗോപി
- സിദ്ധാർഥൻ
- അയ്യപ്പൻ
- അക്രൂരൻ

**5 മുതൽ 9 വരെ ചോദ്യങ്ങളിൽ നാലെണ്ണത്തിനു മാത്രം ഉത്തരമെഴുതുക.**

**(4x2=8)**

5. ' ആഴം പൂണ്ടീടുന്നോരാമോദം തന്നാലെ
പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ'

ഈ വരികളുടെ സമാനതാളത്തിലുള്ള വരികൾ കണ്ടെത്തിയെഴുതുക.

- കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ
  വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ.

- ശുഭം പ്രതീക്ഷിപ്പവനേതു രാവും
  സൂര്യാംശുദീപ്തം പകൽപോലെതന്നെ.

- മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
  മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.

6. 'പിള്ളേരുള്ള വീടുകളിൽ ദാരിദ്ര്യം കൂട്ടിനു വരും. പിന്നത്തെ കാര്യം കഠിനമാണ്. എരിപൊരികൊള്ളുന്ന കൊച്ചുവയറുകൾ കടന്നലുകൾപോലെ മൂളി നടക്കും.

**(തേൻവരിക്ക)**

കഥാഭാഗം വിശകലനം ചെയ്ത് ആവിഷ്കാരഭംഗി കണ്ടെത്തി എഴുതുക.

7. 'നാടകമേ...യുലകം; നാളെ നടപ്പതേ-
യാരറിവാർ - ഒരു നാടകമേ ....യുലകം!'

വണ്ടിക്കാരൻ മൂളുന്ന ഈ പാട്ടിന് കവിതയിലുള്ള പ്രാധാന്യമെന്ത്? രണ്ടോ മൂന്നോ വാക്യത്തിൽ കുറിക്കുക.

8. 'തേട്ടിയരയ്ക്കുന്ന ഒരു ജന്തുവിനെപ്പോലെ താൻ കടിച്ചുപറിച്ച, തന്നെ കടിച്ചുപറിച്ച അനുഭവങ്ങൾ നിഴലിൽ കിടന്ന് കവിയും ചവച്ചരയ്ക്കുന്നു- അതൊരു തത്ത്വചിന്തയായി, ദർശനമായിത്തീരുംവരെ.'

വാക്യം വിശകലനം ചെയ്ത് വൈലോപ്പിള്ളിക്കവിതകളുടെ രണ്ടു സവിശേഷതകൾ എഴുതുക.

9. "അവന്റെ കത്ത് വന്നില്ലെങ്കിൽ എന്റെ വയറ്റില് തീയാണ്." - അമ്മ പറഞ്ഞു. ഈ സംഭാഷണത്തിൽ കഥാപാത്രത്തിന്റെ ഏതെല്ലാം മാനസികാവസ്ഥകളാണ് തെളിയുന്നത്? കണ്ടെത്തി എഴുതുക.

10 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (അരപ്പുറം)

**(4x4=16)**

10. 'അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ'

മതിലേരിക്കന്നിയെ നിശ്ചയദാർഢ്യവും ആത്മശക്തിയും പോരാട്ട വീര്യവും ഒത്തിണങ്ങിയ സ്ത്രീയാക്കി മാറ്റിയത് അവരെ വളർത്തിയ സാഹചര്യങ്ങളാണ്. കന്നിയുടെ ജീവിതം ഇന്നത്തെ സ്ത്രീസമൂഹത്തിനു നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാമാണ്? വർത്തമാനകാല സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

11. '-പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുളെളാരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
ണ്ടല്ലലെ പോക്കുമാറുണ്ടോ വന്നു?'

അടിവരയിട്ട പ്രയോഗങ്ങൾ കാവ്യഭാഗത്തിനു നൽകുന്ന ഭംഗി വിശദമാക്കുക.

12. ' സമൂഹത്തിലെ ഏറ്റവും ദരിദ്രനും നിസ്സഹായനുമായ മനുഷ്യന് ഏതെങ്കിലും തരത്തിൽ ആശ്വാസകരമാകുന്ന തീരുമാനങ്ങളേ എടുക്കാവൂ.' സ്വതന്ത്രഭാരതത്തിലെ ഭരണസംവിധാനത്തിന് ഗാന്ധിജി നൽകിയ മാന്ത്രികസൂക്തമാണിത്. ഗാന്ധിജിയുടെ ഈ ഉപദേശവുമായി ബന്ധിപ്പിച്ച് 'സാക്ഷി ' എന്ന കഥയിലെ ഉദ്യോഗസ്ഥരുടെ പ്രവൃത്തികളെ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

13. 'മൊയമ്മതാലിക്കാക്കാ, നിങ്ങൾക്ക് ഞാനുണ്ട്. ഞാൻ വലുതായി നിങ്ങളെ സുഖക്കേട് മാറ്റിച്ചു.......'

(കളിപ്പാവകൾ)

ഒരു കുട്ടി ലോകത്തെ നോക്കിക്കാണുന്നത് എപ്രകാരമാണ് എന്നതിന്റെ അതിസൂക്ഷ്മമായ ആവിഷ്കാരമാണ് 'കളിപ്പാവകളി'ലെ അയ്മദ്.

സൂചനയും കഥയിലെ ഉചിതമായ സന്ദർഭങ്ങളും കണ്ടെത്തി പ്രസ്താവനയോട് പ്രതികരിച്ച് കുറിപ്പ് തയാറാക്കുക.

14. വടക്കൻപാട്ടുകളുടെ ചില പ്രധാന സവിശേഷതകൾ താഴെ തന്നിരിക്കുന്നു.

- വീരാരാധനാപ്രധാനമായ കഥകൾ
- നാട്ടുഭാഷയുടെ ശക്തിയും സൗന്ദര്യവും

ഈ സവിശേഷതകൾ 'മതിലേരിക്കന്നി'യിൽ എത്രത്തോളം തെളിഞ്ഞു കാണുന്നുണ്ട്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

15,16 ചോദ്യങ്ങളിൽ ഒന്നിനു മാത്രം ഉത്തരമെഴുതുക (ഒരു പുറം) **(1x6=6)**

15. 'ഞാൻ ആ വെയിറ്റർക്ക് നൂറുരൂപ സമ്മാനമായി കൊടുത്തു. എന്നാൽ വാരണാസിയിൽ നിന്നു വന്ന ആ വെയിറ്റർ സ്നേഹത്തോടെ അതു നിരസിച്ചു. വാരണാസിയിലേക്കുള്ള ടിക്കറ്റ് വാങ്ങിക്കൊടുക്കാമെന്നു പറഞ്ഞു. അയാൾക്കത് ആവശ്യമില്ല, പാസുണ്ട്.'

**(രണ്ട് ടാക്സിക്കാർ)**

"സഹോദരങ്ങളെ രക്ഷിച്ചതിന് ഞങ്ങൾക്ക് പ്രതിഫലം ആവശ്യമില്ല."

**-(മഹാപ്രളയത്തിൽ നിന്ന് ലക്ഷക്കണക്കിനാളുകളെ രക്ഷിച്ച്, കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് വിശേഷിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വാക്കുകളിൽ നിന്ന്)**

തന്നിരിക്കുന്ന സന്ദർഭങ്ങളും കേരളത്തിലെ സമകാലികാവസ്ഥകളും വിശകലനം ചെയ്ത് 'നമുക്ക് മാനവികതയുടെ കാവലാളാകാം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

16. 'അയ്യപ്പനു ശബ്ദമില്ലാതായി. കാലിലൂടെ ഒരു വിറയൽ മേൽപ്പോട്ടു കയറി. അതു നെഞ്ചിലുടക്കി വിങ്ങുമ്പോൾ തൊണ്ടവരണ്ടു. കാഴ്ച മങ്ങി. തേൻവരിക്കയുടെ ഒരു കൊമ്പു വെട്ടുന്നതു പോലും നോക്കി നിൽക്കാൻ തനിക്കാവില്ല. വെട്ടി വീഴ്ത്തുമ്പോൾ ഒരു പക്ഷേ ....വേണ്ട.... വേച്ചുവേച്ച് അയ്യപ്പൻ ഇറങ്ങി നടന്നു.'

മരങ്ങളും മനുഷ്യരും തമ്മിലുള്ള ആത്മബന്ധത്തിന്റെ വികാരതീവ്രമായ ആവിഷ്കാരമാണ് 'തേൻവരിക്ക.' കഥ വിശകലനം ചെയ്ത് പ്രസ്താവനയുടെ സാധുത വിലയിരുത്തി നിരൂപണം തയാറാക്കുക.

17. ആസ്വാദനം തയാറാക്കുക (ഒരുപുറം) **(1x6=6)**

**കിളിത്തൂവൽ**

മുറ്റത്തുലാത്തുമ്പോളെൻമുന്നിലായൊരു
പക്ഷിതൻ തൂവൽ പറന്നുവീണു

കാറ്റിന്നലകളിൽ ആലോലമാടിയാ-
ക്കാണാക്കിളിതൻ കിളുന്നുതൂവൽ

താണു താണങ്ങനെ പാറിവീണു മെല്ലെ;
ഞാനതെടുത്തു തലോടിനിന്നു.

പൂവുപോൽ,പൂവിളം പട്ടുപോലുള്ളൊരാ-
ത്തൂവലിൽത്തന്നെ ഞാൻ നോക്കിനിന്നു.

ഏതു കിളിതൻ ചിറകൊളിയിൽ നിന്നു-
മേതുമീത്തുള്ളിയിങ്ങിറ്റുവീണു!

ഏതൊരു പൂമരക്കൊമ്പിലേക്കിന്നുചേ-
ക്കേറുവാനാപ്പക്ഷി പോയിരിക്കാം!

ഇല്ലറിയില്ലെനിക്കൊന്നുമേ;ഞാനതെൻ
ചില്ലലമാരയിൽ കൊണ്ടുവച്ചു.

എന്നുമുണർന്നു ഞാനുമ്മറത്തെത്തുമ്പോൾ
എന്നെയതാർദ്രമായ് നോക്കുംപോലെ!

എന്റെ മനസ്സൊരു പൂമരമാകുംപോൽ!
ഏതോ കിളിയതിൽ പാടുംപോലെ!

**- ഒ.എൻ.വി. കുറുപ്പ്**